പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1157

8/2/2013-ൽ മറുപടിക്ക്

## സോഷ്യൽ സയൻസ് ടീച്ചറുടെ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| എ) പത്തനംതിട്ട വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെട്ട തിരുവല്ല ഇരവിപേരൂർ സെന്റ്ജോൺ ഹൈസ്കൂളിലെ ടീച്ചറുടെ 20/9/2010 മുതലുള്ള സോഷ്യൽ സയൻസ് നിയമനം അംഗീകരിക്കാത്തത് എന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കുമോ; | എ) താഴെ പറയുന്ന കാരണങ്ങളാൽ ഇരവിപേരൂർ, സെന്റ് ജോൺസ് ഹൈസ്കൂളിലെ ശ്രീമതി. ജെസ്സി. വി. ചെറിയാൻ, എച്ച്.എസ്.എ (എസ്.എസ്)-യുടെ 20/9/2010 മുതലുള്ള നിയമനം നിരസിച്ചിരുന്നു.<br>1. KER Chapter XIV ചട്ടം 34 പ്രകാരം UPSA യുടെ സീനിയോറിറ്റി ലിസ്റ്റ് മാനേജർ തയ്യാറാക്കി ജില്ലാ വിദ്യഭ്യാസ ആഫീസറുടെ അംഗീകാരം വാങ്ങിയിട്ടില്ല<br>2. 2007-08 കാലയളവിൽ UPSA ആയി റിവർട്ട് ചെയ്യപ്പെട്ട ശ്രീമതി. സുജാഫിലിപ്പ് ഫയൽ ചെയ്ത WP(C) 2988/09 ബഹു. കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്.<br>3. മാനേജുമെന്റ് മാറ്റം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ മാനേജുമെന്റ് മാറ്റം താല്ക്കാലികമായി മാത്രമാണ് അംഗീകരിച്ചിരിക്കുന്നത്.<br>4. 12/01/10 ലെ GO(P) 10/10/GEdn ഉത്തരവിൻ പ്രകാരം മാനേജർ ബോണ്ട് നൽകിയതിനാൽ ഈ സ്കൂളിന് ഒരു LG(H) ഹിന്ദിയുടെ അധിക തസ്തിക അനുവദിച്ചു. അതനുസരിച്ച് ഒരു സംരക്ഷിത അധ്യാപകനെയോ/അന ധ്യാപകനെയോ (നോൺ ടീച്ചിംഗ് സ്റ്റാഫിനെയോ) 1/6/2010 മുതൽ നിയമിക്കുവാൻ മാനേജർ ബാധ്യസ്ഥനാണ്. ശ്രീമതി. ജെസ്സി. വി. ചെറിയാനെ 20/09/2010 മുതൽ നിയമിക്കുമ്പോൾ ഈ വ്യവസ്ഥ മാനേജർ പാലിച്ചിരുന്നില്ല. |
| ബി) നിയമനം അംഗീകരിച്ച് ശമ്പളം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | ബി) ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ച് വരുന്നു. |
| സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് പൊതു വിദ്യഭ്യാസ വകുപ്പിൽ നിലവിലുള്ള A3/34999/11 നമ്പർ ഫയലിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | സി) പരാതിക്കാരിയെ ഗവൺമെന്റ് നേരിൽ കേൾക്കുകയുണ്ടായി. ഇതിന്മേൽ തീരുമാനം എടുക്കുന്നതിനായി ഫയൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ